KERALA KERAKARSHAKA SAHAKARANA FEDERATION Ltd. No. 4370

An ISO Certified 9001:2015 Kerala Government Enterprise

KERAFED
കേരാഫെഡ്

KFD/EXT/PROCS/2024-25/238 Dated : 27/06/2024

## ക്വട്ടേഷൻ (പച്ചത്തേങ്ങ സംസ്കരണം)

കേരാഫെഡിന്റെ പച്ചത്തേങ്ങ സംഭരണവുമായി ബന്ധപ്പെട്ട്, വിവിധ സംഭരണകേന്ദ്രങ്ങളിൽ സംഭരിക്കുന്ന പച്ചത്തേങ്ങ ഗുണനിലവാരം ഉറപ്പാക്കി സ്വന്തം നിലയിൽ ശേഖരിച്ച് സംസ്കരണകേന്ദ്രത്തിൽ കൊണ്ടുപോയി ഉണക്കി FAQ നിലവാരത്തിലുള്ള കൊപ്രയാക്കി മാറ്റി (30% റിക്കവറിയിൽ) കേരാഫെഡ് നിർദ്ദേശിക്കുന്ന കേരാഫെഡ് ഓയിൽ കോംപ്ലക്സ് കരുനാഗപ്പള്ളി, കൊല്ലം, കേരാഫെഡ് കോക്കനട്ട് കോംപ്ലക്സ്, നടുവണ്ണൂർ, കോഴിക്കോട് എന്നീ പ്ലാന്റുകളിൽ എത്തിക്കുന്നതിന് മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

കൊപ്ര ഡ്രയർ സംവിധാനമുള്ള ഏജൻസികൾ, സഹകരണസ്ഥാപനങ്ങൾ, FPO/FPC/കൃഷിക്കൂട്ടങ്ങൾ എന്നിവർക്ക് ക്വട്ടേഷനിൽ പങ്കെടുക്കാവുന്നതാണ്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നിന്നും സംഭരിക്കുന്ന പച്ചത്തേങ്ങ അതാത് ജില്ലകളിൽ നിന്നും ശേഖരിച്ച് സംസ്കരിച്ച് കേരാഫെഡിന്റെ രണ്ട് ഫാക്ടറികളിലേയ്ക്കും എത്തിക്കുന്നതിന് ചുവടെ ചേർക്കുന്ന മാതൃകയിൽ ക്വട്ടേഷനുകൾ നൽകേണ്ടതാണ്.

| ജില്ലയുടെ പേര് | 1 ക്വിന്റൽ കൊപ്ര കേരാഫെഡ് ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളിയിൽ എത്തിക്കുന്നതിനുള്ള നിരക്ക് | 1 ക്വിന്റൽ കൊപ്ര കേരാഫെഡ് കോക്കനട്ട് കോംപ്ലക്സ്, നടുവണ്ണൂർ, കോഴിക്കോട് എത്തിക്കുന്നതിനുള്ള നിരക്ക് |
|---|---|---|
| | | |
| | | |
| | | |

**നിബന്ധനകൾ**

(1) കരാർ ലഭിക്കുന്ന ഏജൻസി 34 ലക്ഷം രൂപ ബാങ്ക് ഗ്യാരന്റി നൽകേണ്ടതാണ്. ഒരു ലക്ഷം മെട്രിക് ടൺ പച്ചത്തേങ്ങ സംഭരിച്ച് സംസക്കരിക്കുന്നതിനുള്ള ബാങ്ക് ഗ്യാരന്റിയാണ് 34 ലക്ഷം രൂപ. അതിൽക്കൂടുതൽ പച്ചത്തേങ്ങ സംഭരിച്ച് സംസ്കരിക്കുന്നതിന് സംഭരണത്തിനനുസൃതമായി അധിക ബാങ്ക് ഗ്യാരന്റി നൽകേണ്ടതാണ്.

(2) ട്രാൻസ്പോർട്ടേഷൻ, ഉണക്കുകൂലി, ചണചാക്ക്, കയറ്റിറക്ക് കൂലി എന്നിവ കരാറുകാരൻ വഹിക്കേണ്ടതാണ്. (പച്ചത്തേങ്ങ സംഭരിച്ച് കൊപ്രയാക്കി കേരാഫെഡ് ഫാക്ടറിയിൽ എത്തിക്കുമ്പോൾ ഉള്ള ഇറക്ക് കൂലി മാത്രം കേരാഫെഡ് വഹിക്കുന്നതാണ്).

(3) പച്ചത്തേങ്ങ സംസ്കരണത്തിന് തടസ്സം നേരിടാതെ ആവശ്യമായ തൊഴിലാളികളെ ഉപയോഗിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തി ജോലി പൂർത്തിയാക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്വമാണ്.

(4) കരാറുകാരന്റെ ഉത്തരവാദിത്വക്കുറവുകൊണ്ട് സംസ്കരണത്തിൽ കേരാഫെഡിന് കഷ്ടനഷ്ടങ്ങൾ ഉണ്ടായാൽ കരാറുകാരന്റെ വീഴ്ചയായി കണ്ട് അതിനുള്ള നഷ്ടപരിഹാരം കരാറുകാരന്റെ പക്കൽനിന്നും കേരാഫെഡ് ഈടാക്കുന്നതായിരിക്കും.

(5) പ്രസ്തുത കരാറിന്റെ കാലാവധി ഒരു വർഷമായിരിക്കും.

(6) കരാറുകാരൻ സമർപ്പിക്കുന്ന ഓരോ ബില്ലിൽ നിന്നും 5% തുക കേരാഫെഡ് നിലനിർത്തൽ തുകയായി പിടിച്ചുവെക്കുന്നതാണ്. കരാർ അവസാനിക്കുന്ന മുറയ്ക്ക് ഈ തുക തിരികെ നൽകുന്നതായിരിക്കും. ഈ തുകയ്ക്ക് യാതൊരുവിധമായ പലിശയും നൽകുന്നതല്ല.

(7) നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷനുകൾ EMD 1000/- രൂപയോടൊപ്പം, 08/07/2024 തീയതി 2.30 PM -ക്കു മുമ്പായി "മാനേജിംഗ് ഡയറക്ടർ, കേരാഫെഡ്, കേര ടവർ, വാട്ടർ വർക്സ് കോമ്പൌണ്ട്, വികാസ് ഭവൻ.പി.ഒ, വെള്ളയമ്പലം, തിരുവനന്തപുരം - 695 033" എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കാത്ത ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.

(8) ചിരട്ട കരാറുകാർക്ക് ഉപയോഗിക്കാവുന്നതാണ്.

(9) Dryer/Yard എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ കരാർ ഉറപ്പിക്കുകയുള്ളൂ.

**മാനേജിംഗ് ഡയറക്ടർ**